250

Reg. No. : ......................................

Name : ..........................................

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY – 2024

Part – III

## ACCOUNTANCY WITH COMPUTERISED ACCOUNTING

Maximum : 60 Scores

Time : 2 Hours

Cool-off time : 15 Minutes

*General Instructions to Candidates :*

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

## PART – A

### (Accountancy)

### (Maximum : 40 Scores)

**I. 1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വിതം.**

**(4 × 1 = 4)**

1. ഒരു നിശ്ചിത തുക എല്ലാ മാസത്തിന്റേയും തുടകത്തിൽ തൻപറ്റിലേക്ക് എടുത്താൽ എത്ര മാസത്തേകുള്ള പലിശയാണ് കണക്കാക്കുക

   (a) 6 മാസം (b) 6½ മാസം

   (c) 5½ മാസം (d) 4½ മാസം

2. പുതുതായി ഒരാളെ പങ്കാളിയായി പ്രവേശിപ്പിക്കുന്ന സമയത്ത് കണ്ടെത്തുന്ന രേഖപ്പെടുത്താത്ത നിക്ഷേപം __________.

   (a) മൂലധന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു.

   (b) റീവാലുവേഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നു.

   (c) മൂലധന അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നു.

   (d) റീവാലുവേഷൻ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യുന്നു.

3. A, B, C എന്നിവർ 2 : 2 : 1 എന്ന അനുപാതത്തിൽ ലാഭ നഷ്ടം പങ്കിട്ടു വരുന്നവരാകുന്നു. B റിട്ടയർ ചെയ്തതിന് ശേഷം A യും C യും 3 : 2 അനുപാതത്തിലേക്ക് മാറുകയും ചെയ്താൽ നേട്ട അനുപാതം

   (a) 3 : 2 (b) 2 : 1

   (c) 1 : 1 (d) 2 : 3

4. വിരമിക്കുന്ന പങ്കാളിക്ക് നൽകാനുള്ള തുക അദ്ദേഹത്തിന്റെ ________ ലേക്ക് മാറ്റുന്നു.

   (a) തൻപറ്റ് അക്കൗണ്ട് (b) എക്സിക്യൂട്ടറുടെ ലോൺ അക്കൗണ്ട്

   (c) മൂലധന അക്കൗണ്ട് (d) ലോൺ അക്കൗണ്ട്

**II. 5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

5. സ്ഥിര മൂലധന രീതിയും അസ്ഥിര മൂലധന രീതിയും തമ്മിലുള്ള ഏതെങ്കിലും 2 വ്യത്യാസങ്ങൾ എഴുതുക.

6. ഹാദി ബ്രദേഴ്സ് എന്ന സ്ഥാപനം 30,000 രൂപ ശരാശരി ലാഭം നേടിക്കൊണ്ടിരിക്കുന്നു. അവരുടെ മൂലധനം 2,00,000 രൂപയാണ്. സാധാരണ ലാഭ നിരക്ക് മൂലധനത്തിന്റെ 10% ആണെങ്കിൽ അധിക ലാഭത്തിന്റെ മൂലധനവൽകരണ രീതിയിൽ പ്രശസ്തി മൂല്യ നിർണ്ണയം നടത്തുക.

7. ജേണൽ തയ്യാറാക്കുക :
   (a) മെഷിനിറിയുടെ വിലയിൽ 2,000 രൂപയുടെ കുറവ് സംഭവിക്കുക.
   (b) സംശയാസ്പദമായ കടത്തിനുള്ള നീക്കിയിരിപ്പ് തുക 500 രൂപ കുറക്കുക.

8. ഒരു പങ്കാളിത്ത സ്ഥാപനം നിർബന്ധ പൂർവ്വം പിരിച്ചു വിടേണ്ട ഏതെങ്കിലും 2 സാഹചര്യങ്ങൾ എഴുതുക.

**III. 9 മുതൽ 12 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

9. 2023 ഡിസംബർ 31 ന് അവസാനിക്കുന്ന വർഷത്തേക്ക് തൻപറ്റിനുള്ള പലിശ 7% നിരക്കിൽ കണ്ടുപിടിക്കുക.

| തൻപറ്റ് തിയതി | തുക (₹) |
|---|---|
| എപ്രിൽ 1 2023 | 16,000 |
| ജൂൺ 30 2023 | 15,000 |
| ഒക്ടോബർ 31 2023 | 9,000 |

10. നന്ദു, സിന്ധു എന്നിവർ 3 : 2 എന്ന അനുപാതത്തിൽ ലാഭ നഷ്ടം പങ്കിട്ടു കൊണ്ടിരിക്കുന്നവരാണ്. ഈ സ്ഥാപനത്തിലേക്ക് പുതുതായി 2023 ജനുവരി 1 ന് ബിന്ദുവിനെ പ്രവേശിപ്പിക്കുന്നു. ഇന്നേ ദിവസം അവരുടെ ബാലൻസ് ഷീറ്റിൽ 50,000 രൂപ പൊതു നീകിയിരിപ്പ് ബാക്കിയായും 20,000 രൂപ പ്രോഫിറ്റ്/ലോസ് അക്കൗണ്ട് ഡെബിറ്റ് ബാലൻസായും ഉണ്ടെങ്കിൽ ആവശ്യമായ ജേണൽ തയ്യാറാക്കുക.

11. ചന്ദ്ര 2019 ജനുവരി 1 ന് തന്റെ പങ്കാളിത്ത സ്ഥാപനത്തിൽ നിന്നും പിരിഞ്ഞു പോകുന്നു. അദ്ദേഹത്തിന് ലഭിക്കാനുള്ള തുക 60,000 രൂപയാകുന്നു. 3 തുല്ല്യ വാർഷിക തവണകളായി ബാക്കിയുള്ള തുക്ക് 13% വാർഷിക പലിശയും ചേർത്ത് കൊടുത്തു തീർക്കുന്നതിന് മറ്റു പങ്കാളികൾ സമ്മതിച്ചിരിക്കുന്നു.

3 വർഷത്തേക്ക് ചന്ദ്രയുടെ ലോൺ അക്കൗണ്ട് തയ്യാറാക്കുക.

12. പങ്കാളിത്തം പിരിച്ചു വിടലും പങ്കാളിത്ത സ്ഥാപനം പിരിച്ചു വിടലും തമ്മിലുള്ള വ്യത്യാസങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക.

**IV. 13 മുതൽ 14 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 5 സ്കോർ വീതം.**

**$(2 \times 5 = 10)$**

13. രാജു, സാജു എന്നിവർ 3 : 2 അനുപാതത്തിൽ ലാഭ നഷ്ടം പങ്കിടുന്നു. 2023 ജനുവരി 1 ന് അവരുടെ മൂലധനം യഥാക്രമം 1,00,000 രൂപയും 60,000 രൂപയും ആകുന്നു. മൂലധനത്തിനുള്ള വാർഷിക പലിശ 7% ആകുന്നു. സാജുവിന് വാർഷിക ശമ്പളം 36,000 രൂപ ലഭിക്കും. 2023 ലെ തൻപറ്റ് രാജു 20,000 രൂപയും സാജു 30,000 രൂപയും ആകുന്നു. തൻപറ്റിനുള്ള പലിശ രാജു 2,000 രൂപയും സാജു 3,000 രൂപയും ആണ്.

മുകളിൽ പറഞ്ഞവക്ക് മുമ്പ് സ്ഥാപനത്തിന് 63,000 രൂപ അറ്റാദായം ലഭിച്ചിട്ടുണ്ട്.

ലാഭ നഷ്ട വിനിയോഗ അക്കൗണ്ട് തയ്യാറാക്കുക.

14. മായ, ശോഭ, റോജ എന്നിവർ 2 : 2 : 1 എന്ന അനുപാതത്തിൽ ലാഭ നഷ്ടങ്ങൾ പങ്കിട്ടു വരുന്നവരാകുന്നു. അവരുടെ ബാക്കിപത്രത്തിൽ 50,000 രൂപ ഗുഡ്‌വിൽ (സൽപ്പേര്) ഉണ്ട്. ശോഭ അനാരോഗ്യം മൂലം പങ്കാളിത്തത്തിൽ നിന്നും വിരമിക്കുന്നു.

ഗുഡ്‌വിൽ (സൽപ്പേര്) വില നിശ്ചയിച്ചപ്പോൾ 1,00,000 രൂപ ലഭിക്കുന്നു. മായയും റോജയും ഭാവിയിൽ ലാഭ നഷ്ടങ്ങൾ 3 : 2 അനുപാതത്തിൽ വിഭജിക്കുന്നതിന് തീരുമാനിച്ചു.

(a) നേട്ട അനുപാതം കണ്ടെത്തുക.

(b) ജേണൽ എൻട്രികൾ തയ്യാറാക്കുക.

V. 15 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.
8 സ്കോർ (1 × 8 = 8)

15. അഞ്ജു, മഞ്ജു എന്നിവർ 3 : 1 എന്ന അനുപാതത്തിൽ ലാഭ നഷ്ടം പങ്കിട്ടുവരുന്നു. അവരുടെ 2022 ഡിസംബർ 31 ലെ ബാക്കി പത്രം താഴെ കൊടുത്തിരിക്കുന്നു :

| ബാധ്യതകൾ | തുക (₹) | ആസ്തികൾ | തുക (₹) |
|---|---|---|---|
| ക്രെഡിറ്റേഴ്സ് | 41,500 | കയ്യിരിപ്പ് ക്യാഷ് | 26,500 |
| റിസർവ് ഫണ്ട് | 4,000 | ബിൽസ് റിസിവബിൾസ് | 3,000 |
| മൂലധനം : | | ഡെബ്റ്റേഴ്സ് | 16,000 |
| അഞ്ജു | 30,000 | സ്റ്റോക്ക് | 20,000 |
| മഞ്ജു | 16,000 | ലാന്റ് & ബിൽഡിങ്ങ്സ് | 26,000 |
| | **91,500** | | **91,500** |

2023 ജനുവരി 1 ന് അവർ സുജയെ പുതിയ പങ്കാളിയായി പ്രവേശിപ്പിക്കുന്നു. നിബന്ധനകൾ താഴെ പറയുന്നു :

(a) 1/5 ഭാഗം ലാഭത്തിനായി സുജ 20,000 രൂപ മൂലധനം കൊണ്ടുവരുന്നു.

(b) ഗുഡ്‌വിൽ പങ്ക് ആയി സുജ 10,000 രൂപയും കൂടി കൊണ്ട് വരുന്നു. അതിന്റെ പകുതി തുക അഞ്ജുവും മഞ്ജുവും പിൻവലിക്കുന്നു.

(c) സ്റ്റോക്ക് 10% കുറയുന്നു. സംശയാസ്പദമായ കടത്തിന് 5% നിക്കിയിരിപ്പ് നടത്തുക.

(d) ലാന്റ് & ബിൽഡിംഗിന് 20% വർദ്ധനവ് നടത്തുക.

(e) ഇതുവരെ കണക്കിൽ ഉൾപ്പെടുത്താത്ത ഇലക്ട്രിസിറ്റി ബിൽ 1,000 രൂപ.

റീവാലുവേഷൻ അക്കൗണ്ട്, പങ്കാളികളുടെ മൂലധന അക്കൗണ്ട്, പുതിയ ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കുക.

16. അബു, ബാബു, ചാക്കോ എന്നിവർ 2 : 2 : 1 എന്ന അനുപാതത്തിൽ ലാഭ നഷ്ടം പങ്കിട്ടു വരുന്നവരാണ് 2023 മാർച്ച് 31 തയ്യാറാക്കിയ അവരുടെ ബാക്കി പത്രം താഴെ നൽകിയിരിക്കുന്നു :

**അബു, ബാബു, ചാക്കോ എന്നിവരുടെ 2023-മാർച്ച് 31 നുള്ള ബാക്കി പത്രം**

| ബാധ്യതകൾ | തുക (₹) | ആസ്തികൾ | തുക (₹) |
|---|---|---|---|
| ക്രെഡിറ്റേഴ്സ് | 8,000 | ബാങ്ക് ബാലൻസ് | 10,000 |
| ജനറൽ റിസർവ് | 10,000 | സ്റ്റോക്ക് | 12,000 |
| മൂലധനം : | | ഡെബ്റ്റേഴ്സ് | 6,000 |
| അബു 20,000 | | ഫർണിച്ചർ | 4,000 |
| ബാബു 8,000 | | പ്ലാന്റ് & മെഷിനറി | |
| ചാക്കോ 4,000 | 32,000 | | |
| | **50,000** | | **50,000** |

ഈ ദിവസം സ്ഥാപനം അടച്ചു പൂട്ടാൻ തീരുമാനിച്ചു. അതിന്റെ ഫലമായി

(1) ആസ്തികൾ താഴെ പറയും പ്രകാരം വിറ്റ തുകകൾ ലഭിച്ചു :

| | |
|---|---|
| പ്ലാന്റ് & മെഷിനറി | ₹ 30,000 |
| ഫർണിച്ചർ | ₹ 10,000 |
| ഡെബ്റ്റേഴ്സ് | ₹ 5,500 |
| സ്റ്റോക്ക് | ₹ 15,000 |

(2) ക്രെഡിറ്റേഴ്സിന് 10% കുറച്ച് നൽകി.

(3) റിയലൈസേഷൻ ചെലവുകൾ 2,800 രൂപ യാണ്.

(4) ബുക്കിൽ രേഖപ്പെടുത്താത്ത ഒരു നിക്ഷേപം കണ്ടെത്തി തുക 5,000 രൂപ അത് അബു എടുത്തു.

റിയലൈസേഷൻ അക്കൗണ്ട്, മൂലധന അക്കൗണ്ടുകൾ ബാങ്ക് അക്കൗണ്ട് എന്നിവ തയ്യാറാക്കുക.

## PART – B

## (Computerised Accounting)

### (Maximum : 20 Scores)

**VI. 17 മുതൽ 19 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.**

**(3 × 1 = 3)**

17. തിരുവനന്തപുരം എന്നത് TVM എന്നും പാലക്കാട് എന്നത് PKD എന്നും കോഡ് ചെയ്താൽ അതിനെ പറയുന്നത്

(a) പരമ്പര കോഡുകൾ (b) ശ്രേണി കോഡുകൾ

(c) പ്രതീക കോഡുകൾ (d) ഇവയൊന്നുമല്ല

18. സ്പ്രെഡ് ഷീറ്റിൽ മുൻകൂട്ടി നിർവചിക്കപ്പെട്ട ഫോർമുലകളെ പറയുന്നത് ________.

(a) റഫറൻസ് (b) ഫോർമുല

(c) ഫംഗ്ഷൻ (d) ലേബൽ

19. ഒറ്റയാനെ കണ്ടെത്തുക.

(a) ക്ലോസിംഗ് സ്റ്റോക്ക് (b) ഓപ്പണിംഗ് സ്റ്റോക്ക്

(c) പ്രോഫിറ്റ്/ലോസ് അക്കൗണ്ട് (d) പർച്ചേസ്

**VII. 20 മുതൽ 24 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

20. താഴെ പറയുന്നവയുടെ വാക്യഘടന (syntax) എഴുതുക :

(a) COUNTIF

(b) CONCATENATE

21. ചാർട്ടുകളുടേയും ഗ്രാഫുകളുടേയും ഏതെങ്കിലും 2 ഗുണങ്ങൾ എഴുതുക.

22. താഴെ പറയുന്ന ചാർട്ടുകളുടെ ഉപയുക്തത എഴുതുക :

(a) കോളം ചാർട്ട്

(b) പൈ ചാർട്ട്

23. ബട്ടൺ (short cut keys) എഴുതുക :

| വൗച്ചർ ടൈപ്പ് | ബട്ടൺ (Shortcut key) |
|---|---|
| റസീറ്റ് | ? |
| സെയിൽസ് | ? |
| കോൺട്ര | ? |
| ജേണൽ | ? |

24. (a) ഡാറ്റ ഇനം എന്നാൽ എന്ത് ?

(b) ഏതെങ്കിലും രണ്ട് ഡാറ്റ ഇനങ്ങൾ എഴുതുക.

**VIII. 25 മുതൽ 28 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3 × 3 = 9)**

25. കമ്പ്യൂട്ടർ അധിഷ്ടിത അക്കൗണ്ടിന്റെ 3 സുരക്ഷ സവിശേഷതകൾ വിശദീകരിക്കുക.

26. ഏതെങ്കിലും 3 ഫിനാൻഷ്യൽ ഫംഗ്ഷനുകൾ വിശദീകരിക്കുക. വാക്യഘടന എഴുതുക.

27. പേറോൾ എന്നാൽ എന്ത് ? പേറോൾ ഘടകങ്ങൾ വിശദീകരിക്കുക.

28. ജിനുഖാത്തയുടെ ഏതെങ്കിലും 3 സവിശേഷതകൾ എഴുതുക.